**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 128. 06-03-2020-ലെ മറുപടിക്ക്.

**കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ**

ചോദ്യം

ശ്രീ. ഇ.കെ. വിജയൻ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി സി.കെ. ആശ

ഉത്തരം

ഡോ. കെ.ടി. ജലീൽ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | വിദ്യാസമ്പന്നരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവരുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും നവീന തൊഴിലറിവുകൾ പകർന്നു നൽകുന്നതിനും നടപ്പാക്കുന്ന പരിപാടികൾ എന്തൊക്കെയെന്നറിയിക്കാമോ; | എ) | അസാപ് പദ്ധതിയിൻ കീഴിൽ തൊഴിൽ ക്ഷമതയും തൊഴിൽ നിപുണതയും ജീവനപാഠവവും ആർജ്ജിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നു. തൊഴിലില്ലായ്മ നിവാരണ പരിപാടികൾ എന്ന നിലയ്ക്കാണ് പ്രസ്തുത പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നത്. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജുകൾ മുഖേന അടിസ്ഥാന തലത്തിലുള്ള പരിശീലന പരിപാടികളും പ്രത്യേക മേഖലയിലുള്ള തൊഴിൽ പരിശീലനവും സ്കൂൾ കോളേജ് വിദ്യാർത്ഥി കൾക്ക് അവരുടെ അധ്യയനത്തോടൊപ്പം നൽകി വരുന്നു. എഞ്ചിനീയറിംഗ് അടക്കമുള്ള സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ നവീനമായ തൊഴിലറിവുകൾ പരിശീലനം ലഭിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഉൾപ്പെടെയുള്ള അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അസാപ്പിന് കീഴിൽ സ്ഥാപിച്ചിട്ടുണ്ട്. തൊഴിലന്വേഷകർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചിയും തൊഴിൽ ആഭിമുഖ്യവും വർദ്ധിപ്പിക്കുന്നതിനും ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിനും അതുവഴിയുള്ള തൊഴിൽക്ഷമതാ വർദ്ധനവുമാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. |
| ബി) | ഈ പദ്ധതിയുടെ ഭാഗമായി സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| സി) | അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലനത്തിനായി അത്യാധുനിക സജ്ജീകരണങ്ങളുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കാമോ; ഇവയിലെ സജ്ജീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | സി) | കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വ്യവസായങ്ങളോ വ്യാവസായിക പരിശീലന ഏജൻസികൾ നൽകി വരുന്ന പരിശീലന പരിപാടികൾക്കനുസൃതമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ സജ്ജീകരിക്കപ്പെടുന്നത്. |
| ഡി) | ഇതുവരെ എത്ര കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിലവിൽ വന്നെന്ന് വ്യക്തമാക്കാമോ; ഇനി എത്രയെണ്ണം നിലവിൽ വരുമെന്ന് അറിയിക്കാമോ; | ഡി) | 8 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിലവിൽ വരികയും 8 പാർക്കുകൾ നിർമ്മണഘട്ടത്തിലുമാണ്. |
| ഇ) | ഈ പദ്ധതിയിലൂടെ ഇതുവരെ പരിശീലനം നേടിയവരുടെയും അവർ തൊഴിൽ നേടുന്നതിൽ കൈവരിച്ച വിജയവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | ഇ) | 201409 വിദ്യാർത്ഥികൾക്ക് അസാപ് പദ്ധതിയിലൂടെ പരിശീലനം നൽകിയിട്ടുണ്ട്. പഠനത്തോടൊപ്പം വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചിയും തൊഴിൽ ആഭിമുഖ്യവും വർദ്ധിപ്പിക്കുന്നതിനും ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിനും അതുവഴിയുള്ള തൊഴിൽ ക്ഷമതാ വർദ്ധനവുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്നതിനാലും ഇത്തരം പരിശീലന പരിപാടികളിൽ മുഖ്യപങ്കും 18 വയസ്സിൽ താഴെയുള്ള വിദ്യാർത്ഥികളിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്നതിനാലും ഇവരുടെ തൊഴിൽ ലഭ്യത സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച കോളേജുകളിലെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലും പരിശീലനം ലഭിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികൾക്കും ജോലി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ